## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 342 — 07.08.2017 — ൽ മറുപടിക്ക്

## പുതുതായി അനുവദിച്ച റേഷൻ കാർഡുകളിലെ അപാകതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) പുതുതായി അനുവദിച്ച റേഷൻ കാർഡിൽ പിഴവുകൾ സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എസ്.എസ്.എൽ.സി. തോറ്റ വിദ്യാർത്ഥിയെ കാർഡിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥയായി രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;<br>(സി) നേരത്തെ 300 രൂപ വരുമാനം രേഖപ്പെടുത്തിയ ഇവരുടെ കാർഡിൽ ഇപ്പോൾ അത് 5,80,125 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ഡി) റേഷൻ കാർഡിലെ ഇത്തരം അപാകതകൾ കാരണം ഒട്ടേറെ ദരിദ്ര കുടുംബങ്ങൾക്ക് അർഹമായ ചികിത്സാ സഹായമടക്കമുള്ള ഒട്ടേറെ ആനുകൂല്യങ്ങൾ നഷ്ടമാവുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;<br>(ഇ) എങ്കിൽ ഉദ്യോഗസ്ഥതലത്തിൽ സംഭവിച്ച വീഴ്ചകൾ കാരണം അർഹമായ ആനുകൂല്യം നിഷേധിക്കപ്പെട്ടവർക്ക് ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും (ഡി) യും (ഇ) യും | അച്ചടി പിശക് പോലുള്ള കാരണങ്ങൾ കൊണ്ട് റേഷൻ കാർഡിൽ പിഴവ് സംഭവിച്ചിട്ടുള്ളതായി ഏതാനും ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഒന്നാം ഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ